# കേരള സർവകലാശാല

നം.പി.ആർ.168/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി: പുതിയ കോഴ്സ്/കോളേജ്

കേരള സർവകലാശാല കരുനാഗപ്പള്ളി തഴവയിൽ പുതിയതായി ആരംഭിച്ച ഗവ. ആർട്സ് ആൻഡ് സയൻസ് കോളേജിൽ ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ (30 സീറ്റ്), മലയാളം (30 സീറ്റ്), ബി.കോം ഫിനാൻസ് (30 സീറ്റ്) കോഴ്സുകളിലേക്ക് പ്രവേശനം നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ 08.09.2016 രാവിലെ ഒമ്പത് മണിക്ക് കോളേജ് താൽക്കലികമായി പ്രവർത്തിക്കുന്ന പാവുമ്പ ഹൈസ്കൂളിലാണ് എത്തിച്ചേരേണ്ടത്. ഓൺലൈൻ രജിസ്റ്റർ ചെയ്തതും ഇതുവരെ പ്രവേശനം ലഭിക്കാത്തതുമായ വിദ്യാർത്ഥികൾക്കും ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവർക്കും പ്രവേശനം നേടാം. അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും കൊണ്ടുവരണം.

### പി.ജി പ്രവേശനം

പി.ജി രണ്ടാം ഘട്ട അലോട്ട്മെന്റ് ലഭിച്ചവർക്ക് സെപ്റ്റംബർ 20 വരെ അതത് കോളേജുകളിൽ പ്രവേശനം നേടാം. ക്ലാസുകൾ വിവിധ കോളേജുകളിൽ സെപ്റ്റംബർ എട്ടിന് തുടങ്ങും.

### സമ്പർക്കക്ലാസ് ഇല്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ എല്ലാ പഠനകേന്ദ്രങ്ങളിലും സെപ്റ്റംബർ 10, 11, 17, 18 തീയതികളിൽ സമ്പർക്കക്ലാസ് ഉണ്ടായിരിക്കുന്നതല്ല.

### ബി.എസ്സി മാത്തമാറ്റിക്സ് ടൈംടേബിൾ

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തുന്ന ബി.എസ്സി ആന്വൽ സ്കീം (പാർട്ട് മൂന്ന്) മാത്തമാറ്റിക്സ് മെയിൻ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### സീറ്റൊഴിവ്

കേരള സർവകലാശാലയ്ക്ക് കീഴിലുള്ള കുറവൻകോണം യു.ഐ.ടിയിൽ ബി.എസ്സി ഇലക്ട്രോണിക്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ എട്ട് രാവിലെ 10 മണിക്ക് കുറവൻകോണം യു.ഐ.ടി കേന്ദ്രത്തിൽ ഹാജരാകണം. ഫോൺ. 0471-2437333.

കാര്യവട്ടം കമ്പ്യൂട്ടർ സയൻസ് പഠനവകുപ്പിൽ എ.ഐ.സി.ടി.ഇ അംഗീകൃത എം.ടെക് കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ എസ്.സി, എസ്.ടി, മറ്റ് പിന്നാക്ക വിഭാഗം (ഹിന്ദു), സ്പോൺസേഡ് വിഭാഗത്തിലും എം.എസ്സി കമ്പ്യൂട്ടർ സയൻസ് വിഷയത്തിൽ എസ്.സി, എസ്.ടി വിഭാഗത്തിലും ഏതാനും സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി സെപ്റ്റംബർ എട്ട് രാവിലെ 11 മണിക്ക് കാര്യവട്ടം കാമ്പസിലെ കമ്പ്യൂട്ടർ സയൻസ് വകുപ്പിൽ ഹാജരാകണം.

## ബി.എ പരീക്ഷ

കേരള സർവകലാശാല 2016 ഏപ്രിലിൽ രണ്ടാം വർഷ റഗുലറായി സബ്സിഡിയറി പരീക്ഷയെഴുതി പരാജയപ്പെട്ട ബി.എ ആന്വൽ സ്കീം വിദ്യാർത്ഥികൾ സപ്ലിമെന്ററി പരീക്ഷയ്ക്ക് ഓൺലൈനായി സെപ്റ്റംബർ എട്ട് മുതൽ അപേക്ഷിക്കാം. പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ 30 (50 രൂപ പിഴയൊടെ ഒക്ടോബർ മൂന്ന്, 250 രൂപ പിഴയോടെ ഒക്ടോബർ അഞ്ച്) വരെ അപേക്ഷിക്കാം. ഒരു സബ്സിഡിയറി പേപ്പറിന് 475 രൂപയും രണ്ട് സബ്സിഡിയറി പേപ്പറിന് 575 രൂപയാണ് ഫീസ്.

## എം.എ ഫിലോസഫി വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എ ഫിലോസഫി പരീക്ഷയുടെ വൈവ സെപ്റ്റംബർ 22-ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലും 23-ന് വഴുതക്കാട് വിമൻസ് കോളേജിലും നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ഫിൽ ഇന്റർവ്യൂ

കേരള സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലേയും യൂണിവേഴ്സിറ്റി കോളേജിലേയും എം.ഫിൽ (2016-17) പ്രോഗ്രാമിലേക്കുള്ള സംയുക്ത ഇന്റർവ്യൂ സെപ്റ്റംബർ 20-ന് തുടങ്ങും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) ലഭിക്കും. ഇന്റർവ്യൂവിന് ഹാജരാകുന്നവർക്കു മാത്രമേ പ്രവേശനത്തിനുള്ള തുടർ നടപടികൾക്ക് പരിഗണിക്കുകയുള്ളൂ.

## ബി.ടെക് പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് (2008 സ്കീം) ഇംപ്രൂവ്മെന്റ്) പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ 19 (50 രൂപ പിഴയോടെ സെപ്റ്റംബർ 22, 250 രൂപ പിഴയോടെ സെപ്റ്റംബർ 24) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ വൈവ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ (2013 ബാച്ച്) പരീക്ഷയുടെ വൈവ സെപ്റ്റംബർ 20-ന് തുടങ്ങും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ ടൈംടേബിൾ

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തുന്ന ബി.എ ആന്വൽ സ്കീം പാർട്ട് മൂന്ന് മെയിൻ, സബ്സിഡിയറി വിഷയങ്ങളുടെ പരീക്ഷാ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഡിസാസ്റ്റർ മാനേജ്മെന്റ്

കേരള സർവകലാശാല യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്ററിൽ സെപ്റ്റംബർ 26 മുതൽ ഒക്ടോബർ ഒന്ന് വരെ

സർവകലാശാല/കോളേജ് അദ്ധ്യാപകർക്കുവേണ്ടി ഡിസാസ്റ്റർ മാനേജ്മെന്റിനെ ആസ്പദമാക്കി നടത്തുന്ന ഹൃസ്വകാല കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. എല്ലാ വിഷയങ്ങളിലുമുള്ള അദ്ധ്യാപകർക്കും അപേക്ഷിക്കാം. അപേക്ഷാഫോറം യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ വെബ്സൈറ്റിൽ (www.keralauniversity.ac.in/ugcasc) ലഭിക്കും. അപേക്ഷകർ പ്രിൻസിപ്പലിന്റെ സാക്ഷ്യപത്രത്തോടുകൂടി ദി ഡയറക്ടർ, യു.ജി.സി ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ, ഗോൾഡൻ ജൂബിലി ബിൽഡിംഗ്, കേരള സർവകലാശാല, കാര്യവട്ടം 695 581 എന്ന വിലാസത്തിൽ സെപ്റ്റംബർ 19-നകം ലഭിക്കണം.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
07.09.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in